# പതിനാലാം കേരള നിയമസഭ
# (പതിമൂന്നാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1534** **03.12.2018-ൽ മറുപടിയ്ക്ക്**

## മത്സ്യത്തിന്റെ ഗുണനിലവാരവും വിലനിർണ്ണയാവകാശവും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ്<br>ശ്രീ.വി. ജോയി<br>ശ്രീ. സി.കൃഷ്ണൻ<br>ശ്രീ. എൻ. വിജയൻ പിള്ള | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) സംസ്ഥാനത്ത് ഇടനിലക്കാരെ ഒഴിവാക്കി ഗുണനിലവാരമുള്ള മത്സ്യം മാർക്കറ്റുകളിലെത്തിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | എ) മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടുവരുന്ന മത്സ്യം മത്സ്യത്തൊഴിലാളി ക്ഷേമ സഹകരണ സംഘങ്ങൾ വഴി ലേലം ചെയ്ത് ഏറ്റെടുത്ത് ഇടനിലക്കാരെ ഒഴിവാക്കി വിൽപ്പന നടത്തുന്നതിന് മത്സ്യഫെഡ് വഴി നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഗുണമേന്മയുള്ള മത്സ്യം ന്യായമായ വിലയ്ക്ക് ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാനത്ത് 31 ഫിഷ് മാർട്ടുകൾ പ്രവർത്തിച്ചുവരുന്നു. അന്നന്നുള്ള മത്സ്യം ലഭ്യമാക്കുന്നതിന് അന്തിപച്ച എന്ന മൊബൈൽ യൂണിറ്റും പ്രവർത്തിച്ചുവരുന്നു. 20 ഫിഷ് മാർട്ടുകൾ കൂടി ആരംഭിക്കുന്നതിന് ഭരണാനുമതി നൽകുകയും 6 എണ്ണത്തിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇടനിലക്കാരെ നിയന്ത്രിക്കുന്നതിന് പിടിച്ചെടുക്കുന്ന മത്സ്യം ഗുണനിലവാരത്തോടെ അവസാനത്തെ ഉപഭോക്താവിലെത്തിക്കുന്നതിന് ഉദ്ദേശിച്ച് മത്സ്യലേലം, മത്സ്യവിപണനം, ഗുണനിലവാര പരിപാലനം ബിൽ കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നു. |
| ബി) മത്സ്യത്തിന്റെ വിലനിർണ്ണയാവകാശം മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്ന സാഹചര്യം സംജാതമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ; | ബി) മത്സ്യത്തൊഴിലാളികളെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ച് സഹകരണ സംഘം വഴി തീരദേശ ലേലം നടത്തി വില നിർണ്ണയവകാശം മത്സ്യത്തൊഴിലാളികൾക്ക് സാധ്യമാക്കുന്നതിനുള്ള നടപടി പരിഗണനയിലാണ്. |
| സി) ലേലത്തിൽ നേരിട്ട് ഇടപെടുന്നതിന് മത്സ്യത്തൊഴിലാളി സംഘങ്ങൾക്ക് സാമ്പത്തികസഹായം നൽകാൻ പദ്ധതിയുണ്ടോ; | സി) മത്സ്യഫെഡിനു കീഴിലുള്ള മത്സ്യത്തൊഴിലാളി സംഘങ്ങൾ വഴി മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾക്കുള്ള വായ്പകളും മത്സ്യലേലം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തന മൂലധനവും എൻ.സി.ഡി.സിയുടെ (നാഷണൽ കോ- |

ഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷൻ) സഹായത്തോടെ ഐ.എഫ്.ഡി.പി (ഇന്റഗ്രേറ്റഡ് ഫിഷറീസ് ഡെവലപ്മെന്റ് പ്രോജക്ട്) പദ്ധതി പ്രകാരം നൽകി വരുന്നു. കൂടാതെ മത്സ്യത്തൊഴിലാളികൾക്ക് ഇൻപുട്ടുകൾ നൽകുന്നതിന് പലിശരഹിത വായ്പ നൽകുന്നതിനുള്ള പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. എൻ.സി.ഡി.സി-യിൽ നിന്നും സർക്കാർ ഗാരണ്ടിയോടെ വായ്പയെടുത്താണ് പദ്ധതി നടപ്പാക്കുക. പലിശ തുക സർക്കാർ നൽകും. മത്സ്യത്തൊഴിലാളികൾ സഹകരണ സംഘം വഴിയുള്ള ലേലത്തിൽ പങ്കെടുക്കുന്നതിനുള്ള പ്രോത്സാഹനമായി സർക്കാർ ധനസഹായത്തോടെ പ്രൊഡക്ഷൻ ബോണസ് പദ്ധതിയും നടപ്പാക്കിയിട്ടുണ്ട്.

ഡി) സംസ്ഥാനത്തെ മത്സ്യസമ്പത്ത് ലേലം ചെയ്യുന്നതും വിപണിയിലെത്തിക്കുന്നതും ഗുണനിലവാരം സംരക്ഷിക്കുന്നതും സംബന്ധിച്ച് പുതിയ നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഡി) ഉണ്ട്. മത്സ്യലേലം, വിപണനം എന്നിവ നിയന്ത്രിക്കുന്നതിനാവശ്യമായതും ഗുണനിലവാരം ഉറപ്പാക്കുന്നതിനുമുള്ള "കേരള മത്സ്യലേലം വിപണനം ഗുണനിലവാര പരിപാലനം ബിൽ" പരിഗണനയിലാണ്.

**സെക്ഷൻ ആഫീസർ**